


# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 9 Issue 2 February 2023

## ഉള്ളടക്കം


എഡിറ്റോറിയൽ ........ 03
രോഗികൾക്കിടയിലെ വിളക്കാകാൻ ........ 05
സ്നേഹാലയം സൗജന്യ മെഡിക്കൽ പരിശോധന ........ 06
രോഗീദിനം ........ 07
മരിച്ചാലും വേണ്ടില്ല. അച്ചനെ ശുശ്രൂഷിക്കണം ........ 09
ആയുർവേദ മെഡിക്കൽ ക്യാംപ് ........ 11
റെഡ് റിബ്ബൺ ക്ലബ്ബ് ........ 12
ജൂബിലി ഗവേഷണ കേന്ദ്രത്തിന് പുതിയ ഓഫീസ് ........ 13
8–ാം ദേശീയ ഉപദേശക സമിതി യോഗം ........ 14
ഇനി പറക്കും 5G ........ 15
മുഖം മിനുക്കാൻ മാക്സിലോഫേഷ്യൽ സർജറി ........ 20
Cancer Immunotherapy ........ 22
ജേണൽ ക്ലബ് ........ 27
ഓപ്പറേഷൻ വേണ്ട! ഗർഭാശയ മുഴകൾ മാറും.! ........ 28
പ്രോട്ടീൻ നൽകും പ്രൊട്ടക്ഷൻ ........ 30
സ്നേഹത്തോടെ നിങ്ങൾക്കും നൽകാം ........ 35
Welcome to Jubilee Family ........ 37
നന്ദി... ഹൃദയത്തിൽ നിന്നും ........ 38
ലോക വിവാഹദിനം ലക്ഷ്യവും ഉദ്ദേശ്യവും ........ 39
ആയുരാരോഗ്യത്തിന് ആയുർവേദം ........ 41



# ശുശ്രൂഷിക്കാം നല്ല സമരിയാക്കാരനായി

ദൈവത്തിനു സ്തുതി

നാം ഫെബ്രുവരി മാസത്തിലേയ്ക്കു പ്രവേശിക്കുകയാണല്ലോ. മാസങ്ങളിൽ ഏറ്റവും ചെറുതുതന്നെ. എങ്കിലും ജോലിക്കാരെ സംബന്ധിച്ച് മാസശമ്പളം നേരത്തെ കിട്ടും എന്നത് സന്തോഷം തന്നെ.

എല്ലാ വർഷവും ഫെബ്രുവരി 11 രോഗിദിനമായി ആചരിക്കുന്നു. നമ്മൾ ആരും രോഗങ്ങളും വേദനകളും സഹനങ്ങളും ഇഷ്ടപ്പെടുന്നവരല്ലല്ലോ. എന്നാൽ നമ്മുടെ രോഗങ്ങളും വേദനകളും ഈശോയോടു ചേർന്നു കാഴ്ചവെയ്ക്കുമ്പോൾ നമുക്ക് ആശ്വാസവും സമാധാനവും ലഭിക്കുന്നതാണ്.

ഫെബ്രുവരി 11 ലൂർദ്ദ്മാതാവിന്റെ തിരുനാളായിട്ടാണ് അറിയപ്പെടുക. കഴിഞ്ഞ നൂറ്റാണ്ടിൽ ലൂർദ്ദിൽ പരി. അമ്മ പ്രത്യക്ഷ



പ്പെട്ടത് മൂന്നു കുട്ടികൾക്കാണ്. അവരോടു ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ധാരാളം ആളുകൾ വരികയും പ്രാർത്ഥിക്കുകയും രോഗശാന്തിയും സമാധാനവും നേടുകയും ചെയ്തു.

നമ്മുടെ ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്വമാണ് രോഗിപരിചരണം. അതു നമ്മെ ഓർമ്മപ്പെടുത്തുന്നത് നല്ല സമറായക്കാരന്റെ മാതൃകയാണ്. സ്വന്തം സുരക്ഷ പോലും മറന്ന് പരിക്കേറ്റവനെ ശുശ്രൂഷിച്ച് പരിചരിക്കുകയും സത്രത്തിൽ ഏൽപിച്ച് അത്യാവശ്യം പണവും നല്കി കൂടാതെ കുറവു വരുന്ന പക്ഷം മടങ്ങിവരുമ്പോൾ തന്നുകൊള്ളാമെന്ന വാഗ്ദാനവും ചെയ്തു. എല്ലാ രോഗികളിലും ഈശോയെ കണ്ട് ശുശ്രൂഷിക്കാൻ നമുക്കേവർക്കും കഴിയട്ടെ എന്നാശംസിക്കുന്നു. നല്ല ദൈവം നമ്മെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

– ഫാ. പോൾ ആലപ്പാട്ട്




# രോഗികൾക്കിടയിലെ വിളക്കാകാൻ



ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലെയും സ്കൂളിലേയും നഴ്സിംഗ് വിദ്യാർത്ഥികളുടെ രോഗി പരിചരണപരിശീലനത്തിന് മുമ്പുള്ള (20 & 58 ബാച്ച്) വിളക്ക് തെളിയിക്കൽ ചടങ്ങ് ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ സംയുക്തമായി നടന്നു. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ഏഞ്ചല ജ്ഞാനദുരൈ സ്വാഗതം ആശംസിച്ച ചടങ്ങ് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുരിയൻ അധ്യക്ഷപദം അലങ്കരിച്ചു. 2021 –ലെ നാഷണൽ ഫ്ളോറൻസ് നൈറ്റിംഗേൽ അവാർഡും, നഴ്സിംഗ് എക്സലൻസ് അവാർഡും കരസ്ഥമാക്കിയ, ശ്രീമതി ലിൻസി പി. ജെ. മുഖ്യ പ്രഭാഷണം നടത്തി.

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. സി. ഫിലോ രശ്മിയും ജൂബിലി മിഷൻ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ റവ. സി. സുമി പോളും വിദ്യാർത്ഥികൾക്ക് ദീപങ്ങൾ നൽകി. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ (ക്ലിനിക്കൽ) റവ. ഡോ. സി. ട്രീസ ആന്റോ നഴ്സുമാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗിൽവാസ് പി.സി., ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.ആൻഡ്രൂസ് എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു.












# സ്നേഹാലയം റീഹാബിലിറ്റേഷൻ സെന്ററിലെ സൗജന്യ മെഡിക്കൽ പരിശോധന

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം കമ്മ്യൂണിറ്റി സർവീസസിന്റെ ഭാഗമായി പട്ടിക്കാട് സ്നേഹാലയം റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്കായി 2023 ഫെബ്രുവരി 17-ന് സൗജന്യ മെഡിക്കൽ പരിശോധന സംഘടിപ്പിച്ചു. തദവസരത്തിൽ മാനേജർ ബ്രദർ പോളി തൃശ്ശോക്കാരൻ സ്വാഗതം ആശംസിച്ചു. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. ലൂസി റാഫേലിന്റെ നേതൃത്വത്തിൽ സ്നേഹാലയത്തിലെ അന്തേവാസികളെ പരിശോധിച്ചു. ഫാർമക്കോളജി പ്രൊഫസർ ഡോ. റാഫേൽ, കമ്മ്യൂണിറ്റി മെഡിസിൻ സീനിയർ റെസിഡന്റ് ഡോ. ഐശ്വര്യ, ബിരുദ വിദ്യാർത്ഥി ഡോ. മിമിത, ഹൗസ് സർജൻ ഡോ. മരിയ, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മനോഹരൻ എന്നിവർ മെഡിക്കൽ സംഘത്തിൽ ഉണ്ടായിരുന്നു. ഇനിമുതൽ എല്ലാ മാസവും നിശ്ചിത ദിവസത്തിൽ സർവീസ് തുടരുന്നതായിരിക്കുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.







# പ്രതിസന്ധികളിലും കരുതലോടെ രോഗീദിനം



2023 ഫെബ്രുവരി 11 ലോക രോഗീദിനത്തിൽ തൃശ്ശൂർ അതിരൂപത കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടികൾ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. 'പ്രതിസന്ധികളിലും കരുതലോടെ' എന്ന വിഷയത്തിൽ ശ്രീ. ശശി ഇമ്മാനുവൽ സെമിനാർ നയിച്ചു. തുടർന്നുള്ള ദിവ്യകാരുണ്യ ആരാധനയിൽ ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിലിന്റെ നേതൃത്വത്തിൽ വിവിധ ആശുപത്രികളിൽനിന്നും മുന്നൂറോളം സ്റ്റാഫ് നേഴ്സസ് പങ്കെടുത്തു. കാത്തലിക്ക് നഴ്സസ് ഗിൽഡിന്റെ ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂർ പരിപാടികൾക്ക് നേതൃത്വം നൽകി. ലോക രോഗീദിനത്തിൽ ജൂബിലി മിഷനിലെ 500 പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഉച്ചഭക്ഷണം വിതരണം ചെയ്തു.

നഴ്സസ് ഗിൽഡിന്റെ നേതൃത്വത്തിൽ യൂണിറ്റ് തലത്തിൽ നടത്തിയ ഇൻസ്പയറിംഗ് ഇവന്റ് ഷെയറിങ്ങ് കോമ്പറ്റീഷനിൽ



ഒന്നാം സ്ഥാനം സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റൽ ഒല്ലൂരിലെ ശ്രീമതി റൂബി പോളിയും രണ്ടാം സ്ഥാനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ഡെപ്യൂട്ടി നഴ്സിങ്ങ് സൂപ്രണ്ടന്റ് സി. ലീമ റോസ് സി. എം. സി. യും മൂന്നാം സ്ഥാനം സെന്റ് ആന്റണീസ് ഹോസ്പിറ്റൽ പഴുവിലിലെ ശ്രീമതി കാവ്യയും കരസ്ഥമാക്കി.

## Blessing



ജൂബിലി മിഷൻ ആശുപത്രിയുടെ പുതിയ ജനറൽ സ്റ്റോറിന്റെ വെഞ്ചിരിപ്പ് കർമ്മം അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂർ നിർവ്വഹിച്ചു.



**ഏങ്ങണ്ടിയൂർ എം. ഐ. മിഷൻ ആശുപത്രിയുടെ**
**പുതിയ ഡയറക്ടറായി ചാർജെടുത്ത**
**ഫാ. ഡോ. ഡെമിൻ തറയിലിന്**
**ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**



**ജൂബിലി മിഷൻ ആശുപത്രിയുടെ**
**പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ചാർജെടുത്ത**
**ഫാ. സിന്റോ കാരേപറമ്പന്**
**ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.**



# മരിച്ചാലും വേണ്ടില്ല. അച്ചനെ ശുശ്രൂഷിക്കണം

ഒന്നിനും പറ്റാത്ത അവസ്ഥ. എല്ലാവരും വീടിനുള്ളിൽ കഴിഞ്ഞുകൂടുന്നു. പുറത്താണെങ്കിലോ ആംബുലൻസിന്റെ സൈറൺ മുഴങ്ങുന്നു. ദൈവമെ എന്താ ഇത് എന്നു ചോദിച്ചുപോയി. അതാണ് കോവിഡ് കാലഘട്ടം. കൊറോണ മൂർത്ത സമയത്തായിരുന്നു. ഒരു ദിവസം പ്രഭാതത്തിൽ ഒരു ഫോൺകോൾ, അച്ചന് കോവിഡ് പോസറ്റീവ് ആയി, ഗുരുതര അവസ്ഥയിലാ, ശ്വാസം കിട്ടുന്നില്ല. പനി, തൊണ്ടവേദന തുടങ്ങിയ എല്ലാം. എന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്താണ് അച്ചൻ. താൻ മിഷനറിയായ കാലഘട്ടത്തിൽ വച്ച്, മലേറിയ പിടിപെട്ടു തന്റെ രണ്ടു കണ്ണിന്റെയും കാഴ്ച നഷ്ടപ്പെട്ട അച്ചനാണ്. അച്ചനെ ആരു സഹായിക്കും, എങ്ങനെ ശുശ്രൂഷിക്കും അംഗവൈകല്യമുള്ള തന്റെ പ്രിയപ്പെട്ട മക്കൾക്ക് അത് ആശ്രയമായിരിക്കും.

അച്ചനെ ഞാൻ ശുശ്രൂഷിക്കും, സ്നേഹം പ്രതിബന്ധം അറിയുന്നില്ല എന്ന് യേശുനാഥൻ അരുളിചെയ്തിട്ടുണ്ടല്ലോ. ഞാൻ തീരുമാനിച്ചു. എനിക്കാവശ്യമായ ഡ്രസ്സ് എടുത്തു ഞാൻ ഇറങ്ങി. എനിക്ക് അച്ചനെ ശുശ്രൂഷിക്കണം. കൊറോണ പിടിപെട്ട് മരിച്ചാലും വേണ്ടില്ല. വി. ഡാമിയന്റെ മാതൃക എനിക്ക് പ്രചോദനം തന്നു. അന്ന് കൊറോണ വാർഡിൽ എനിക്ക് കടക്കാൻ അനുവാദമില്ല. എന്തുചെയ്യും. റിസ്ക് എടുത്ത്, ഞാൻ

ഹോസ്പിറ്റൽ ഡറക്ടറിന്റെ അടുത്ത് കത്ത് വച്ചു. എനിക്ക് അനുമതി തരണം. എന്തു വന്നാലും ഈ ആശുപത്രിക്ക് ഉത്തരവാദിത്വം ഇല്ല എന്ന് എഴുതി ഒപ്പിട്ട് കൊടുത്തു. ഞാൻ കൊറോണ വാർഡിൽ കയറി. ആരും ഇല്ലാത്ത ഒരു അനാഥനെപ്പോലെ കിടക്കുന്ന എന്റെ അച്ചനെ കണ്ടപ്പോൾ ഈശോ കുരിശിൽ കിടക്കുന്ന രംഗം എനിക്ക് ഓർമ്മയിൽ വന്നു. പിന്നീട് ഞാൻ അച്ചന്റെ ഒപ്പം ഒരേ മുറിയിൽ 15 ദിവസത്തോളം നിന്ന് ശുശ്രൂഷിച്ചു. അച്ചനെ ദൈവം സുഖപ്പെടുത്തി.



പ്രിയമുള്ളവരെ അത്ഭുതം എന്ന് പറയട്ടെ, 16-ാമത്തെ ദിവസം ഞാൻ കോവിഡ് ടെസ്റ്റ് നടത്തി. എനിക്ക് കോവിഡ് നെഗറ്റീവ് ആയിരുന്നു. ഒരു ചുമയോ, പനിയോ ജലദോഷമോ പോലും ഉണ്ടായില്ല. ഇത്ര നാളത്തെ എന്റെ വി. കുർബാന അർപ്പണത്തിലൂടെ ഈശോയുടെ തിരുരക്തം എന്റെ ശരീരത്തിൽ ഞാൻ കുത്തിവച്ചിരുന്നു. അതുകൊണ്ട് കൊറോണയ്ക്ക് എന്നെ തോൽപ്പിക്കാൻ സാധിച്ചില്ല എന്ന് ആത്മാഭിമാനത്തോടെ ഞാൻ പറയുന്നു. ഈ സംഭവം നടന്നത് എവിടെയുമല്ല, അടുത്ത് അമല ഹോസ്പിറ്റലിൽ വച്ചായിരുന്നു. രോഗബാധിതനായിരുന്നത് ദർശന ക്ലബ്ബിന്റെ ഡയറക്ടറും, കണ്ണിന് കാഴ്ചയില്ലാത്ത അനേകായിരങ്ങളെ ഉന്നതിയിലേയ്ക്ക് നയിക്കുന്ന ഒരു പുണ്യപിതാവുമായിരുന്ന ഫാ. സോളമൻ ആണ്.

'രോഗിയായിരുന്ന എന്നെ നിങ്ങൾ സന്ദർശിച്ചു' എന്ന തിരുനാഥന്റെ തിരുവചനം ഹൃദയത്തിൽ ഏറ്റുവാങ്ങിക്കൊണ്ടാണ് ഓരോരുത്തരും രോഗീശുശ്രൂഷയിൽ ഏർപ്പെടുന്നത് എന്നും കൂടി ഞാൻ ഓർമ്മിപ്പിക്കുന്നു. ഓരോ വ്യക്തിജീവിതത്തിലും ഒരു മാലാഖയുടെ സ്ഥാനമാണ് ഓരോ രോഗീശുശ്രൂഷകർക്കും ഉള്ളത്. മാലാഖയുടെ മനോഭാവത്തോടെ നമുക്ക് നമ്മുടെ സഹോദരങ്ങളെ, ശുശ്രൂഷിച്ച്, ചലിക്കുന്ന സാക്ഷികളായി തീരാൻ പരിശ്രമിക്കാം.

**സി. അൽഫീന സി. എസ്. എസ്.**
സ്റ്റാഫ് നേഴ്സ്








# ആയുർവേദ മെഡിക്കൽ ക്യാംപ്

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 26-ാം തീയതി തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ആശുപത്രിയിലെ ഹൃദയാലയ ബ്ലോക്കിൽ വച്ച് നീരിറക്ക രോഗങ്ങൾ, ശിരോരോഗങ്ങൾ, അസ്ഥിസന്ധി രോഗങ്ങൾ, ത്വക്‌രോഗങ്ങൾ, സ്ത്രീരോഗങ്ങൾ എന്നിവക്കായി സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് സന്നിഹിതനായ ചടങ്ങിൽ ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഭദ്രദീപം തെളിയിച്ച് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജൂബിലി ആയുർവേദ ആശുപത്രി കൺസൾട്ടന്റുമാരായ ഡോ. ഹാർവിൻ ജോർജ്, ഡോ. സി. നിർല്ലീന, ജൂനിയർ ഡോക്ടർമാരായ ഡോ. ഗീതു റാഫി, ഡോ. അഞ്ജലി എന്നിവർ രോഗികളെ പരിശോധിച്ചു.

എൺപതോളം ആളുകൾ പങ്കെടുത്ത ക്യാമ്പിൽ സൗജന്യ പരിശോധനയും സൗജന്യ മരുന്ന് വിതരണവും നടത്തി. രോഗികൾക്ക് സൗജന്യമായി ബോൺ മിനറൽ ഡെൻസിറ്റി (ബി. എം. ഡി.) ടെസ്റ്റും നടത്തി. ക്യാമ്പിന്റെ ഭാഗമായി ആയുർവേദ ഫാർമസിയിൽനിന്നും വാങ്ങുന്ന മരുന്നുകൾക്കും ജൂബിലി ലാബിൽനിന്നും ചെയ്യുന്ന ടെസ്റ്റുകൾക്കും 10% ഡിസ്കൗണ്ടും നൽകിയിരുന്നു.

# റെഡ് റിബ്ബൺ ക്ലബ്




എയ്ഡ്സ് എന്ന പകർച്ചവ്യാധിയെ യുവജനങ്ങളിൽനിന്ന് നിവാരണം ചെയ്യുന്നതിന്റെ ഭാഗമായി 20.02.2023ന് ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിൽ റെഡ് റിബ്ബൺ ക്ലബ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ ആശംസ അർപ്പിക്കുകയും ചെയ്തു. ഫാ. ഷിജോ മാപ്രാണത്തുകാരൻ, പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോ രശ്മി, ഡോ. സി. ട്രീസ ആന്റോ എന്നിവർ ബോധവത്കരണ റിബ്ബൺ വിദ്യാർത്ഥി വളന്റിയർമാർക്ക് അണിയിക്കുകയും ചെയ്തു. ശ്രീമതി ദീപ ഡേവിസ് ടി. ബോധവത്കരണ ക്ലാസ് എടുക്കുകയും ചെയ്തു. ബോധവത്ക്കരണ ക്ലാസുകൾ, സന്നദ്ധ രക്തദാനം, ലോക എയ്ഡ്സ് ദിനാചരണം എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ.





# ജൂബിലി ഗവേഷണ കേന്ദ്രത്തിന് പുതിയ ഓഫീസ്

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ പുതിയ ഓഫീസിന്റെ വെഞ്ചിരിപ്പ് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലംകാവിൽ ഫെബ്രുവരി 17ന് നിർവ്വഹിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസി. ഡയറക്ടർമാരായ ഫാ. ഷിജോ മാപ്രാണത്തുകാരൻ, ഫാ. സിന്റോ കാരേപറമ്പൻ, ഫാ. ഡോ. ഡെമിൻ തറയിൽ, ഗവേഷകരായ ഫാ. ജിജോ, ഫാ. റോജർ എന്നിവർ സഹകാർമ്മികരായി. ഗവേഷണകേന്ദ്രത്തിന്റെ ദേശീയ ഉപദേശക സമിതി അംഗങ്ങൾ ആയ ഡോ. ലാസർ മാത്യു, ഡോ. സി. കെ. നായർ, ഡോ. ശ്രീകുമാരൻ നായർ, ഡോ. പി. എ സുരേഷ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ, ജൂബിലി മിഷൻ ഹോസ്പിറ്റൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, റിസർച്ച് ഡയറക്ടർ ഡോ. സി. എം. വാസുദേവൻ എന്നിവർ പങ്കെടുത്തു. ഗവേഷണവുമായി ബന്ധപ്പെട്ട ഓഫീസ് കാര്യങ്ങൾ, പ്രൊജക്റ്റ് കാര്യങ്ങൾ, ഗവൺമെന്റ് സഹായമുള്ള പ്രൊജക്റ്റുകളുടെ ഓഫീസ്, ക്ലിനിക്കൽ ട്രയൽ ഓഫീസ്, പബ്ലിക്കേഷനുള്ള ഓഫീസ്, ബയോ ഇൻഫർമേറ്റിക്സ് ലാബ് തുടങ്ങിയവ പുതിയ സ്ഥലത്ത് പ്രവർത്തിച്ചു തുടങ്ങി.

ഓഫീസ് പ്രവർത്തനങ്ങൾ ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഫെബ്രുവരി 24ന് ഉത്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് അഞ്ചാം നില സി ബ്ലോക്കിലാണ് പുതിയ റിസേർച്ച് സെന്റർ.




# 8-ാം ദേശീയ ഉപദേശക സമിതി യോഗം

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ എട്ടാമതു ദേശീയ ഉപദേശക സമിതി യോഗം ഫെബ്രുവരി 17-ന് ന്യൂ സി. സി. എം. ഹാളിൽ കൂടുകയുണ്ടായി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലംകാവിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തുടർന്ന് ഏതാനും ഗവേഷണ പദ്ധതികൾ ഗവേഷകരായ ഡോ. പ്രിയങ്ക ആർ. (കമ്മ്യൂണിറ്റി മെഡിസിൻ), ഡോ. അബൂബക്കർ മുഹമ്മദ് റാഫി (ലാബ് മെഡിസിൻ), ഡോ. അലക്സ് ജോർജ്ജ്, ഡോ. മാത്യു ജോൺ, ഡോ. ദിലീപ് വിജയൻ, ഡോ. രവീന്ദ്രൻ അങ്കത്തിൽ (ജെ. സി. എം. ആർ.) എന്നിവർ വിശദീകരിച്ചു. തുടർന്ന് ഉപദേശകസമിതി അംഗങ്ങൾ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഗവേഷകർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ഉപദേശകസമിതിയിലെ അംഗങ്ങൾ ആയ ഡോ. ലാസർ മാത്യു (ന്യൂഡൽഹി), ഡോ. സി. കെ. കെ. നായർ (തിരുവല്ല), ഡോ. ശ്രീകുമാരൻ നായർ (പോണ്ടിച്ചേരി), ഡോ. പി. എ സുരേഷ് (കൊല്ലം), ജൂബിലിയിൽ നിന്നുള്ള അംഗങ്ങൾ ആയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ, റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, ഡോ. ചിത്ര വത്സൻ (മൈക്രോബയോളജി), റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗീസ് എന്നിവർ പങ്കെടുത്തു. സി. ഇ. ഒ., ഡോ. ബെന്നി ജോസഫ്, ഡോ. അലക്സ് ജോസഫ്, ഡോ. കുമുദം ഉണ്ണി, ഡോ. ബിനു ബാഹുലേയൻ, ഡോ. പ്രീതി ഷേണായ്, ഡോ. രാജൻകുട്ടി, ഡോ. ടി. ആർ. രവി, ഡോ. കെ. പദ്മകുമാർ, ഡോ. സി. ഡോണേറ്റ, ഡോ. ഹാർവിൻ ജോർജ്ജ്, ഡോ. സി. വി. ആൻഡ്രൂസ് തുടങ്ങിയവർ പങ്കെടുത്തു.




നിത്യജീവിതത്തിൽ നാമോരോരുത്തർക്കും ഇന്റർനെറ്റിന്റേയും മൊബൈൽ ഫോണിന്റേയും ഉപയോഗം ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിക്കഴിഞ്ഞു. മൊബൈൽ ജനറേഷന്റെ കുതിച്ചുകയറ്റം നാം ഓരോരുത്തരും അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. 4G യുഗത്തിൽ തന്നെ നമുക്ക് അനിവാര്യമായ ഡാറ്റാ സ്പീഡ് ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ നാം ഇതാ 5Gൽ എത്തിനിൽക്കുന്നു.

## എന്താണ് 4G?

മൊബൈൽ ടെലി കമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യയുടെ നാലാമത്തെ തലമുറയെയാണ് 4G സൂചിപ്പിക്കുന്നത്. ഇത് വേഗത്തിലുള്ള ഡാറ്റാ ട്രാൻസ്ഫറും അതിന്റെ മുൻഗാമിയായ 3G-യെ അപേക്ഷിച്ച് മൊത്തത്തിലുള്ള മെച്ചപ്പെട്ട പ്രകടനവും സ്പീഡ് - 100 mbsp വരെയും നൽകിവരുന്നു. 4G നെറ്റ് വർക്കുകൾ നിരവധി ഗുണങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും അവയ്ക്ക് ചില ദോഷങ്ങളുമുണ്ട്.

**പരിമിതമായ കവറേജ് :** നല്ല കവറേജ് നൽകുന്നതിന് 4G

നെറ്റ്‌വർക്കുകൾക്ക് ധാരാളം സെൽ ടവറുകൾ ആവശ്യമാണ്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നത് ചെലവേറിയതായിരിക്കും.

**വർദ്ധിച്ച വൈദ്യുതി ഉപയോഗം:** ഇത് മൊബൈൽ ഉപകരണങ്ങളുടെ വൈദ്യുതി ഉപയോഗം വർദ്ധിപ്പിച്ചേക്കാം. ഇത് കുറഞ്ഞ ബാറ്ററി ലൈഫിലേക്ക് നയിച്ചേക്കും.

**അനുയോജിത പ്രശ്നങ്ങൾ:** എല്ലാ മൊബൈൽ ഉപകരണങ്ങളും 4G നെറ്റ് വർക്കുമായി പൊരുത്തപ്പെടുന്നില്ല. ഇത് ഉപഭോക്താക്കൾക്ക് ലഭ്യമായ ഓപ്ഷനുകൾ പരിമിതപ്പെടുത്തും.

## എന്താണ് 5G?

4G/LTE നെറ്റ് വർക്കുകളുടെ പിൻഗാമിയാണ് 5G. വയർലെസ് നെറ്റ് വർക്കുകളുടെ മുൻതലമുറകളേക്കാൾ വേഗമേറിയ ഇന്റർനെറ്റ് വേഗത, കുറഞ്ഞ ലേറ്റൻസി, കൂടുതൽ വിശ്വസനീയമായ കണക്ഷനുകൾ എന്നിവ നൽകുന്നതായിരിക്കും 5G നെറ്റ് വർക്ക്.

**വേഗത:** 5G നെറ്റ് വർക്കുകൾക്ക് സെക്കന്റിൽ 20 ഗിഗാബൈറ്റുകൾ (GBPS) വരെ ഡൗൺലോഡ് വേഗത നൽകാൻ കഴിയും

**കുറഞ്ഞ ലേറ്റൻസി:** 5G നെറ്റ് വർക്കുകൾക്ക് കുറഞ്ഞ ലേറ്റൻസിയാണ് ഉള്ളത്. അതായത് ഉപകരണം ഒരു അഭ്യർത്ഥന അയക്കുന്ന സമയത്തിനും പ്രതികരണം സ്വീകരിക്കുന്ന സമയ



ത്തിനും ഇടയിലുള്ള കാലതാമസം കുറവാണ്.

**കൂടുതൽ ഉപകരണങ്ങൾ ബന്ധിപ്പിക്കാൻ കഴിയും:** 5G നെറ്റ് വർക്കുകൾക്ക് മുൻതലമുറയിലെ വയർലെസ് നെറ്റ് വർക്കുകളേക്കാൾ ഒരു യൂണിറ്റ് ഏരിയയിൽ കൂടുതൽ ഉപകരണങ്ങളെ പിന്തുണയ്ക്കാൻ കഴിയും.

**മെച്ചപ്പെട്ട സുരക്ഷ:** 5G നെറ്റ് വർക്കുകൾക്ക് സൈബർ ആക്രമണങ്ങളിൽനിന്ന് പരിരക്ഷ ലഭിക്കുവാനുതകുന്ന ബിൽറ്റ് – ഇൻ സുരക്ഷാ സവിശേഷത ഉണ്ട്.

ലോകത്തെ പല രാജ്യങ്ങളിലും 5G നെറ്റ് വർക്കുകൾ നടപ്പിലാക്കുന്നുണ്ട്. ഏറ്റവും വിപുലമായ 5G നെറ്റ് വർക്ക് കവറേജുള്ള ചില രാജ്യങ്ങളിൽ *അമേരിക്ക * ദക്ഷിണകൊറിയ * ചൈന * യു. കെ. * ജർമ്മനി * ജപ്പാൻ *കാനഡ * ഓസ്ട്രേലിയ * സ്പെയിൻ * ഇറ്റലി തുടങ്ങിയവ ഉൾപ്പെടുന്നു.




നമ്മുടെ രാജ്യം ഇപ്പോൾ 5G നെറ്റ് വർക്ക് ലഭ്യമാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. ഭാരതി എയർടെൽ, ജിയോ, വി. ഐ. (VI) തുടങ്ങിയ ടെലികോം ഓപ്പറേറ്റർമാർക്ക് 5G ട്രയലുകൾക്കായി ഇന്ത്യൻ സർക്കാർ സ്പെക്ട്രം അനുവദിക്കുകയും തിരഞ്ഞെടുക്കപ്പെട്ട രാജ്യത്തെ ഏതാനും നഗരങ്ങളിൽ ഈ ട്രയലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെപ്പോലെ കേരളവും ഇപ്പോൾ 5G നെറ്റ് വർക്ക് ലഭ്യമാക്കുന്നതിന്റെ പരീക്ഷണഘട്ടത്തിലാണ്. നിലവിൽ വാണിജ്യ 5G സേവനങ്ങൾ പൂർണ്ണമായും ആരംഭിച്ച

നഗരങ്ങളൊന്നും കേരളത്തിൽ ഇല്ല. എങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ 5G നെറ്റ് വർക്ക്, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

**5G വരുന്നതിലൂടെ ആരോഗ്യമേഖലയിലും പുതിയ വിപ്ലവം സൃഷ്ടിക്കുവാൻ സാധ്യതയേറെയാണ്.**

**ടെലിമെഡിസിൻ:** 5G നെറ്റ് വർക്കിന് ഡോക്ടർമാരും രോഗിയും തമ്മിൽ തത്സമയം ഉയർന്ന നിലവാരത്തിലുള്ള വീഡിയോ കൺസൾട്ടേഷനുകൾ പ്രാപ്തമാക്കാൻ കഴിയും. ഇത് രോഗികളിൽ വിദൂരമായി രോഗനിർണയം നടത്താനും ചികിൽസിക്കാനും ഡോക്ടർമാരെ അനുവദിക്കുന്നു. ആരോഗ്യസംരക്ഷണം പരിമിതമായ ഗ്രാമങ്ങളിൽ ഇത് പ്രത്യേകിച്ച് ഉപയോഗപ്രദമാവും.



**റിമോട്ട് മോണിട്ടറിങ്ങ് (വിദൂര നിരീക്ഷണം):** 5G നെറ്റ് വർക്കിന് ധരിക്കാവുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് രോഗികളുടെ ഹൃദയമിടിപ്പ്, രക്തസമ്മർദ്ദം, ഗ്ലൂക്കോസ് അളവ് തുടങ്ങിയ സുപ്രധാന ലക്ഷണങ്ങളെ കണ്ടെത്താനും പ്രതികരിക്കാനും ഇത് ഡോക്ടർമാരെ സഹായിക്കും.

**ഓഗ്മെന്റെഡ് റിയാലിറ്റി (AR) & വിർച്വൽ റിയാലിറ്റി (VR):** ആരോഗ്യ സംരക്ഷണത്തിൽ ഓഗ്മെന്റ് റിയാലിറ്റി, വിർച്വൽ റിയാലിറ്റി സാങ്കേതിക വിദ്യകളുടെ ഉപയോഗം 5G നെറ്റ് വർക്കിന് സാധ്യമാക്കാനാകും. മെഡിക്കൽ വിദ്യാർത്ഥികളേയും ശസ്ത്രക്രിയാ വിദഗ്ധരെയും പരിശീലിപ്പിക്കുന്നതിനും ശസ്ത്രക്രിയ നടപടിക്രമങ്ങൾ അനുകരിക്കുന്നതിനും രോഗികൾക്ക് ആഴത്തിലുള്ള അനുഭവങ്ങൾ നൽകുന്നതിനും AR, VR എന്നിവ ഉപയോഗിക്കാം.

**റോബോട്ടിക് സർജറി:** 5G നെറ്റ് വർക്കിന് ശസ്ത്രക്രിയ സമയത്ത് ശസ്ത്രക്രിയ വിദഗ്ധരും റോബോട്ടുകളും തമ്മിൽ തത്സമയ ആശയവിനിമയം സാധ്യമാക്കാൻ കഴിയും. ഇത് കൂടുതൽ കൃത്യവും കാര്യക്ഷമവുമായ ശസ്ത്രക്രിയകൾ അനുവദിക്കുന്നു.




**മെഡിക്കൽ റിസർച്ച്:** മെഡിക്കൽ ഗവേഷണത്തിനും 5G നെറ്റ് വർക്ക് ഒരുപാട് സഹായകരമായേക്കാം. നൂതനസാങ്കേതിക വിദ്യയിലൂടെ മെഡിക്കൽ ഗവേഷണരംഗത്ത് പുത്തൻ സാധ്യ തകളാണ് ആരോഗ്യമേഖല പ്രതീക്ഷിക്കുന്നത്.

**മെഡിക്കൽ ഇമേജിംഗ്:** എക്സ് റേ, സി. ടി., എം. ആർ. ഐ. സ്കാനുകൾ എന്നിവ പോലുള്ള വലിയ മെഡിക്കൽ ഇമേ ജിംഗ് ഫയലുകളുടെ കൈമാറ്റം 5G നെറ്റ് വർക്കുകൾക്ക് വേഗ തയിൽ പിന്തുണയ്ക്കാൻ കഴിയും. രോഗനിർണ്ണയവും ചികിൽ സയും മെച്ചപ്പെടുത്താൻ കഴിയുന്ന മെഡിക്കൽ ഇമേജുകൾ വേഗത്തിലും കൃത്യമായും ആക്സസ് ചെയ്യാനും വിശകലനം ചെയ്യാനും ഇത് സഹായകമാകും.

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ച മനുഷ്യവംശത്തിനും പ്രകൃതിക്കും ആരോഗ്യകരമായ അന്ത രീക്ഷം ഒരുക്കുവാനും കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും സഹായിക്കുമെന്നും നമുക്കു പ്രതീക്ഷിക്കാം, പ്രത്യാശിക്കാം.

**റെയ്നൽ ഡിംപിൾ**
എച്ച്. ആർ. ഡിപ്പാർട്ട്മെന്റ്




# മുഖം മിനുക്കാൻ
## മാക്സിലോഫേഷ്യൽ സർജറി

1996 മുതൽ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ മാക്സിലോഫേഷ്യൽ സർജറി  വിഭാഗം പ്രവർത്തനം തുടങ്ങി. മുഖത്തെ അസ്ഥികളുടെ വൈകല്ല്യങ്ങൾ പരിഹരിക്കുന്നതിനായി ചെയ്യുന്ന ഫേഷ്യൽ കോസ്മെറ്റിക് സർജറി, മുഖത്തെ അസ്ഥികളുടെ ഒടിവുകൾ, താടിയെല്ലിലുണ്ടാകുന്ന സിസ്റ്റ്, ട്യൂമർ, അതിനോട് അനുബന്ധിച്ച് മുഖത്തെ പേശികളിലുണ്ടാകുന്ന അപാകത, വായിൽ കാണപ്പെടുന്ന വെള്ള, ചുവന്ന പാടുകൾ, കാൻസർ, ടെംപെറോ മാൻഡിബുലാർ ജോയിന്റുകൾക്ക് ഉണ്ടാകാവുന്ന രോഗങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വൈവിധ്യമാർന്ന ശസ്ത്രക്രിയ സ്പെഷ്യാലിറ്റി ആണ് മാക്സിയോഫേഷ്യൽ സർജറി.



റോഡ് ട്രാഫിക് അപകടങ്ങൾ, ആക്രമണങ്ങൾ, ഉയരത്തിൽനിന്നുള്ള വീഴ്ച, സ്പോർട്സ് പരിക്കുകൾ, തൊഴിൽ അപകടങ്ങൾ, വെടിവയ്പ്, സ്ഫോടനങ്ങൾ എന്നിവയുടെ ഭാഗമായി മുഖത്ത് താടിയെല്ലിലുണ്ടാകാവുന്ന ആഘാതങ്ങൾ എന്നിവക്കുള്ള ശസ്ത്രക്രിയകൾ ഇവിടെ സാധാരണയായി

ചെയ്തുവരുന്നു. വളരെ അഭിമാനപൂർവ്വം എടുത്തുപറയാവുന്ന രീതിയിൽ ഇന്ത്യയിലെതന്നെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള യുവസർജൻമാർ ഇവിടെ പരിശീലനത്തിനായി വരുന്നു. മാത്രമല്ല ഓർത്തോഗ്നത്തിക് ഫെലോഷിപ്പ് പ്രോഗ്രാമിനായി ഇന്ത്യയിലെതന്നെ തെരഞ്ഞെടുക്കപ്പെട്ട നാല് സെന്ററുകളിൽ ഒരു സെന്ററാണ് ജൂബിലി മിഷൻ ഹോസ്പിറ്റൽ എന്നുള്ളത് ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ്.

താടിയെല്ലിന്റെ അപാകത മൂലം രോഗിയുടെ ശ്വസനം, കൂർക്കംവലി, ചവച്ചരക്കൽ എന്നിവയിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. രാത്രികാലങ്ങളിൽ കാണപ്പെടുന്ന, പല്ലിന്റെ ഞെരുക്കം, വാതസംബന്ധമായ രോഗങ്ങൾ, പല്ലുകളുടെ തെറ്റായ ഘടന, മുഖം, കഴുത്ത്, താടിയെല്ലിന്റെ പരിക്കുകൾ എന്നിവ ടി. എം. ജെ. ഡിസോർഡറിന് കാരണമാകുന്നു. നിലവിൽ വേദനസംഹാരികൾ, ഫിസിയോതെറാപ്പി, സോഫ്റ്റ് സ്പ്ലിന്റ് ഉപയോഗം എന്നിവയാണ് ഇവക്കുള്ള പ്രാഥമിക ചികിത്സാ രീതികൾ.






ഈ വൈകല്ല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവസാന ചികിത്സാ രീതികളിൽ ശസ്ത്രക്രിയകളും അസ്ഥിമാറ്റിവയ്ക്കലും ഉൾപ്പെടുന്നു.നൂതന ചികിത്സാരീതികളായ TMJ ആർത്രോസെന്റസിസ്, ആർത്രോസ്കോപ്പി തുടങ്ങിയ ചികിൽസാ രീതികൾ ഇവിടെ ഉപയോഗപ്പെടുത്തുന്നു.

ഒരു സ്കോപ്പ് ഉപയോഗിച്ച് കൊണ്ട് സന്ധികൾ ദൃശ്യവൽക്കരിക്കുകയും വീക്കം മൂലം ഉണ്ടാകുന്ന ജീവനില്ലാത്ത കോശങ്ങൾ നീക്കം ചെയ്യുകയും ചെയ്യുന്നു. ഇതിനാൽ വേദനക്ക് ശമനവും മെച്ചപ്പെട്ട താടിയെല്ലിന്റെ പ്രവർത്തനവും ജീവിതരീതിയും സാദ്ധ്യമാണ്.


**ഡോ. ഫിലിപ്പ് മാത്യു**
മാക്സിലോ ഫേഷ്യൽ സർജറി വിഭാഗം




# Cancer Immunotherapy

## Past | Present | Future

Immunotherapy is a type of cancer treatment that helps your immune system fight cancer. Cancer immunotherapy (CI) is rapidly advancing and can now be considered to be the "fifth pillar" of cancer therapy, joining the ranks of surgery, cytotoxic chemotherapy, radiation, and targeted therapy.

William B. Coley, now widely accepted as the father of immunotherapy, first attempted to harness the power of the immune system for treating cancer in the late 19th century. As an orthopedic surgeon who operated on patients with bone sarcomas, he noticed that some patients with significant postoperative wound infections—a common occurrence when aseptic technique had not yet been optimized—would undergo spontaneous regression of

their unresected tumours. Beginning in 1891, Coley injected more than a thousand patients with mixtures of live and inactivated bacteria such as Streptococcus pyogenes and Serratia marcescens with the hope of inducing sepsis and strong immune and antitumour responses. His cocktail of bacteria became widely known as “Coley’s toxin” and represents the first documented active cancer immunotherapy intervention1. Coley achieved durable complete remissions in several types of malignancies, including sarcoma, lymphoma, and testicular carcinoma. However, the lack of a known mechanism of action for Coley’s toxin and the risks of deliberately infecting cancer patients with pathogenic bacteria caused oncologists to adopt surgery and radiotherapy as alternative standard treatments early in the 20th century.



It would take more than half a century before a better understanding of the key mediators of sepsis would shed some light on the mechanisms of action of Coley’s toxin. Those mediators constitute a cytokine family including interleukins, interferons, and chemokines. Once again, the race was on to apply those novel discoveries to cancer therapy. Physicians and researchers achieved modest success with this novel approach, occasionally inducing clinical remissions with high-dose interleukin 2 (IL-2) in metastatic renal cell carcinoma and debatable responses with interferon in stages III and IV melanoma. Those modest successes were often counterbalanced with significant adverse events. Although novel methods of delivery such as pegylation would abate some of the toxicities, the sporadic and unpredictable immune responses seen with those therapies meant that only a small, carefully selected subgroup of cancer patients would benefit.

# Present day Immunotherapy

The next revolutionary wave in cancer immunotherapy came with the better understanding of the process of immune surveillance, by which innate immune cells eliminate cancer cells. The recent discovery of T cell immune checkpoints, such as CTLA-4 and PD-1, propelled the field of immuno-oncology into its current era and saw the awarding of the 2018 Nobel prize in Physiology or Medicine to Drs. Allison and Honjo. Those hardwired signals have the crucial task of maintaining a fine balance between immune surveillance against foreign pathogens or abnormal cells and autoimmunity. Blocking those T cell surface receptors results in enhanced autoimmunity that induces an immune response against tumours, but can also increase the chance of autoimmune reactions.




**ACTIVATING A T-CELL**
The T-cell must be activated before it can find and attack cancer cells. A specialized cell presents the T-cell with an antigen from a cancer cell, along with a **co-stimulator** protein. The T-cell begins to hunt down and kill any cells that are covered with the same antigen.

**CANCER AND CHECKPOINTS**
Cancer cells can avoid destruction by taking advantage of a switch on the T-cell called an **immune checkpoint**. The checkpoint can shut down the T-cell and suppress the immune response, allowing the cancer to grow undisturbed.

**CHECKPOINT INHIBITORS**
Drugs known as **checkpoint inhibitors** can physically block the checkpoint, which frees the immune system to attack the cancer. A single T-cell can kill thousands of cancer cells. Four checkpoint inhibitors have been approved by the Food and Drug Administration.

Cancer immuno-editing is the process by which various immune system components protect the host against primary tumour development or enhance tumour escape, or both, either by sculpting tumour immunogenicity or attenuating antitumour immune responses. The process is tightly regulated by immune checkpoints, which are immune-cell surface receptors controlling either the activation or the inhibition of immune

responses. Activation of the immune system is, on the one hand, the desired outcome to achieve tumour control, but on the other hand, responsible for autoimmunity. The discovery and development of monoclonal antibodies against the inhibitory immune checkpoints CTLA-4 and PD-1 have resulted in dramatic antitumour responses by the up-regulation of immune activation at various stages of the immune cycle.

Immune checkpoint inhibitor therapies are now widely indicated in numerous cancer types. Ipilimumab is a CTLA-4 inhibitor. Pembrolizumab and Nivolumab are PD-1 inhibitors. Atezolizumab , Durvalumab and Avelumab are PDL-1 inhibitors. These immunotherapy agents alone or in combination with chemotherapy is widely used in various malignancies in metastatic, adjuvant and neoadjuvant setting.

## Toxicity of Immunotherapy

Immunotherapies are often limited by their immune-related adverse events (irAEs), an immune activation and inflammatory response against the host's healthy tissues. Immune activation against the host's tumour is the desired outcome, but irAEs are challenging to predict, diagnose, and treat. In the setting of metastatic melanoma, the addition of a CTLA-4 antibody to PD-1 blockade is associated with only an incremental increase in survival, but at the cost of more than double the rate of serious irAEs.






# Future of Immunotherapy

Despite the great progress that has been made in recent years regarding cancer treatment, immunotherapy protocols still show a wide spectrum response on patients treated. Some showing very good response with even complete response in stage IV disease to hyper-progression in certain cases. Therefore, the discovery of predictive biomarkers must progress hand-over-hand with therapeutic approaches. Thereby, these tools will allow proposing the most appropriate therapy according to each cancer-specific profile.

To summarize, the future of cancer immunotherapy could rely on combination therapies using checkpoint inhibitors with novel targeted therapies directed at the tumour microenvironment, tumour glycosylation, and the host microbiome.Advances in those fields will allow movement away from the current broad "shotgun" approach, which exposes all comers within the approved indications to ICIs, to treatments tailored to the factors that make each cancer and host a unique pairing.

**- Dr. Mithun Chacko John**
Asst. Professor, Medical Oncology










RESEARCH WINGS

# JOURNAL CLUB

ജെ. സി. എം. ആറിന്റെ ആഭിമുഖ്യത്തിൽ 57-ാമത് ജേർണൽ ക്ലബ് ഫെബ്രുവരി 22 ബുധനാഴ്ച ന്യൂ സി. സി. എം. ഹാളിൽ സംഘടിപ്പിച്ചു. ത്വക്ക് രോഗവിഭാഗം അസ്സി. പ്രഫ. ഡോ. വർഗ്ഗീസ് ജയിംസ് ആയിരുന്നു പ്രഭാഷകൻ.

ഹൃദയത്തെ സംരക്ഷിക്കുന്ന പെരി കാർഡിയം എന്ന കവചത്തിന്റെ ഉള്ളിലെ ഭിത്തിയായ എപ്പി കാർഡിയത്തിൽ അധികരിച്ചുവരുന്ന കൊഴുപ്പ് സോറിയാസിസ് രോഗികളിൽ കാണുന്നുണ്ട്. ഇതിനെ ഹൃദ്രോഗത്തിന്റെ മുൻകൂർ സൂചനയായി കണക്കാകാം എന്നതായിരുന്നു പ്രതിപാദന വിഷയം. ഈ പഠനം 2021ൽ ഇൻഡ്യൻ ജേർണൽ ഓഫ് ഡെർമറ്റോളജി, പെനറോളജി, ലെപ്പറോളജിയിൽ (87-ാം വാല്യം) പ്രസിദ്ധീകരിച്ചു. ഈ വിഷയത്തെ സംബന്ധിച്ചുള്ള ചർച്ചയിൽ ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. സാലി ഡാനിയേൽ, ഡോ. പ്രദ്യോത് മുകുന്ദൻ, ഡോ. കുര്യൻ ആലപ്പാട്ട് തുടങ്ങിയവർ പങ്കെടുത്തു.




# ഓപ്പറേഷൻ വേണ്ട! ഗർഭാശയ മുഴകൾ മാറും !

ഗർഭാശയ മുഴകൾ ഓപ്പറേഷൻ കൂടാതെ മരുന്നുകൾ കൊണ്ട് ചികിത്സിക്കാൻ ഉതകുന്ന ഔഷധങ്ങൾ നിർദ്ദേശിക്കുന്ന പഠനങ്ങളാണ് ജൂബിലി ഗവേഷണ കേന്ദ്രം മുന്നോട്ടുവെയ്ക്കുന്നത്. ടെയ്ലർ & ഫ്രാൻസിസ് എന്ന പ്രസാധകരുടെ ജേർണൽ ഓഫ് ബയോമോളിക്യൂലർ സ്ട്രക്ച്ചർ ആൻഡ് ഡൈനാമിക്സിന്റെ പുതിയ ലക്കത്തിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൂബിലി ഗവേഷണ കേന്ദ്രത്തിലെ കമ്പ്യൂട്ടേഷണൽ ആൻഡ് സ്ട്രക്ച്ചറൽ ബയോളജി വിഭാഗത്തിലെ ഡോ. സരിത ഫ്രാൻസിസ്, എൻ. ഐശ്വര്യ, ഡോ. ദിലീപ് വിജയൻ, ഗൈനക്കോളജി വിഭാഗം പ്രഫസർ ഡോ. അശ്വത് കുമാർ എന്നിവരടങ്ങിയ സംഘമാണ് ഗവേഷണത്തിന് നേതൃത്വം നൽകുന്നത്.

ലോകത്തിലെ 80% സ്ത്രീകളിലും അവരുടെ 50 വയസ്സിനുള്ളിൽ എപ്പോഴെങ്കിലും ഗർഭാശയ മുഴകൾ ഉണ്ടാകുന്നു എന്ന് പഠനങ്ങൾ പറയുന്നു. പക്ഷെ അവരിൽ ഭൂരിഭാഗം പേരിലും അപകടകരമായ രോഗലക്ഷണങ്ങൾ കാണുന്നില്ല. ഗുരുതരമായ

അവസ്ഥയിൽ ആർത്തവ സമയത്ത് കഠിനമായ വയറുവേദന അനുഭവപ്പെടുകയും അമിതമായി രക്തസ്രാവം ഉണ്ടാവുകയും തത്ഫലമായി വിളർച്ച അനുഭവപ്പെടുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ ഗർഭധാരണത്തിന് ബുദ്ധിമുട്ടുണ്ടാകുകയും വന്ധ്യതയിലേക്ക് നയിക്കുകയോ ഗർഭച്ഛിദ്ര സാധ്യത വർദ്ധിപ്പിക്കുകയോ ചെയ്യുന്നു. ഇത് കൂടാതെ മാസം തികയാതെയുള്ള പ്രസവത്തിനും കാരണമായേക്കാം.


ഡോ. സരിത ഫ്രാൻസിസ്


എൻ. ഐശ്വര്യ


ഡോ. ദിലീപ് വിജയൻ


ഡോ. അശ്വത് കുമാർ

ഗർഭാശയത്തിൽ മുഴകൾ വളരുന്നത് പല കാരണങ്ങളാലാകാം. അതിൽ ജനിതക ഘടകങ്ങൾ ഹോർമോൺ അസന്തുലിതാവസ്ഥ തുടങ്ങിയ നിരവധി കാരണങ്ങൾ ഉണ്ടാകാം. ഗർഭാശയമുഴകൾ ഓപ്പറേഷൻ വഴി നീക്കം ചെയ്യാവുന്നതാണ്, എന്നാലും വീണ്ടും വരാനുള്ള സാധ്യത കൂടുതലാണ്. പ്രോജെസ്ട്രോൺ ഹോർമോൺ ചികിത്സാരീതി വഴി ഒരു പരിധി വരെ ഗർഭാശയ മുഴകളെ തടയാം എന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിൽ തന്നെ ചില സെലക്ടീവ് പ്രോജെസ്ട്രോൺ റിസപ്റ്റർ മോഡുലേറ്ററുകൾ (എസ്. പി. ആർ. എം.) വളരെ ഫലപ്രദമായി പ്രവർത്തിച്ചിരുന്നു. എന്നാൽ ദീർഘകാല ഉപയോഗത്തിൽ അവയുടെ പാർശ്വഫലങ്ങൾ കാരണം അവ വിപണിയിൽനിന്ന് പിൻവലിച്ചു. വളരെ ഫലപ്രദവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ നൂതന മരുന്നുകൾ ഇന്നിന്റെ ആവശ്യകതയാണ്. അതുകൊണ്ട് അതിലേക്ക് വെളിച്ചം വീശുന്ന ഒരു പഠനമാണ് ജൂബിലിയിൽ നടന്നുവരുന്നത്. ഇത്തരത്തിലുള്ള പുതിയ മരുന്നുകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ബയോ ഇൻഫോർമാറ്റിക്സിന്റെ സഹായത്തോടെ ഈ പഠനത്തിൽ വിശദീകരിക്കുന്നു.

ഈ പഠനം ഗർഭാശയ മുഴകൾക്കുള്ള മരുന്നുകൾ കണ്ടുപിടിക്കുന്ന ശാസ്ത്രജ്ഞൻമാർക്ക് വളരെ ഉപകാരപ്രദമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് റിസർച്ചിന്റെ ഒരു കോടിയോളം വരുന്ന സാമ്പത്തിക സഹായം ഈ ഗവേഷണ പദ്ധതിക്കുണ്ട്.



# പ്രോട്ടീൻ നൽകും പ്രൊട്ടക്ഷൻ

ശരീരത്തിന് ഏറ്റവും പ്രധാനപ്പെട്ട മാക്രോ ന്യൂട്രിയന്റുകളിലൊന്നാണ് പ്രോട്ടീൻ. പേശികൾ കെട്ടിപ്പടുക്കുന്നതിനും ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും ഫലപ്രദമായി പ്രവർത്തിക്കാനും പ്രോട്ടീൻ ആവശ്യമാണ്. മുടിയും നഖങ്ങളും പ്രോട്ടീൻ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. കോശങ്ങൾ നിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും ശരീരം പ്രോട്ടീൻ ഉപയോഗിക്കുന്നു. എൻസൈമുകൾ, ഹോർമോണുകൾ, ശരീരത്തിലെ മറ്റ് രാസവസ്തുക്കൾ എന്നിവ നിർമ്മിക്കാനും പ്രോട്ടീൻ ആവശ്യമാണ്.

പ്രോട്ടീൻ ഒരു മാക്രോ ന്യൂട്രിയന്റ് ആയതിനാൽ ശരീരത്തിന് താരതമ്യേന വലിയ അളവിൽ ഇത് ആവശ്യമാണ്. ശരീരഭാരം കുറയ്ക്കാൻ പ്രോട്ടീനുകൾക്ക് കഴിയും. പ്രോട്ടീനുകൾ നിങ്ങളെ കൂടുതൽ നേരം ഊർജ്ജസ്വലമായും വിശപ്പ് രഹിതമായും നിലനിർത്തുന്നു. അങ്ങനെ നമ്മുടെ ശരീരത്തിലെ കലോറി ഉപഭോഗം കുറയ്ക്കുന്നു. പേശികളുടെ വളർച്ചയ്ക്ക് പ്രോട്ടീൻ സഹായിക്കുന്നു. നിങ്ങൾ വ്യായാമം ചെയ്യുമ്പോഴോ ശാരീരികമായി അധ്വാനിക്കുമ്പോഴോ ഇത് പേശികളിൽ മൈക്രോ ടിയേഴ്സ് പുറപ്പെടുവിക്കപ്പെടുന്നു. അണുബാധകൾക്കെതിരായ പ്രാഥമിക പ്രതിരോധ സംവിധാനമാണ് ആന്റിബോഡികൾ. ശരീരത്തിൽ ആന്റിബോഡികൾ നിർമ്മിക്കാൻ പ്രോട്ടീനുകൾ ഉപയോഗപ്ര

ദമാണ്. പേശികളുടെ ചലനത്തിനും സങ്കോചത്തിനും പ്രോട്ടീൻ ആവശ്യമാണ്. പ്രോട്ടീൻ കുറഞ്ഞാൽ നിങ്ങൾക്ക് പേശികൾ യഥാവിധി ചലിപ്പിക്കാൻ കഴിഞ്ഞെന്നുവരില്ല. പ്രോട്ടീനുകൾ ശരീരത്തിൽ നിന്ന് സിഗ്നലുകൾ എടുത്ത് ആവശ്യമുള്ള സെല്ലിലേയ്ക്ക് അയയ്ക്കുന്നു. ഇൻസുലിൻ പോലുള്ള ഹോർമോൺ പ്രോട്ടീനുകൾ മെസഞ്ചർ പ്രോട്ടീനുകളായി പ്രവർത്തിക്കുന്നു.

പ്രോട്ടീനുകൾ നമ്മുടെ രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നു. നിങ്ങൾക്ക് വേണ്ടത്ര പ്രോട്ടീൻ ലഭിച്ചില്ലെങ്കിൽ, പ്രോട്ടീൻ ഡയറ്റുകൾ മെറ്റബോളിസത്തെ പുനരുജ്ജീവിപ്പിക്കുന്നതായി കാണിക്കുന്നു. ഇത് നിങ്ങളുടെ പേശികളുടെ അളവ് വർദ്ധിപ്പിക്കാനും സഹായിക്കുന്നു. എൻസൈമുകളിലൂടെ പ്രോട്ടീൻ ഉപാപചയ, ജൈവ രാസപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നു. ശരീരത്തിലെ എല്ലാ രാസപ്രവർത്തനങ്ങളിലും എൻസൈമുകൾ പങ്കെടുക്കുന്നു. കെരാറ്റിൻ, കൊളാജൻ, എലാസ്റ്റിൻ തുടങ്ങിയ ഘടനാപരമായ പ്രോട്ടീനുകൾ കോശങ്ങളെയും ടിഷ്യൂകളെയും നിർമ്മിക്കാൻ സഹായിക്കുന്നു.

ശാരീരിക പ്രവർത്തനങ്ങൾ, ജീവിതശൈലി, അടിസ്ഥാന ആരോഗ്യാവസ്ഥ എന്നിവയെ ആശ്രയിച്ച് ശരീരത്തിന് ഒരു കിലോ ഭാരത്തിന് ഒരു ഗ്രാം പ്രോട്ടീൻ ആവശ്യമാണ്. മേൽപ്പറഞ്ഞ ഘടകങ്ങളെ ആശ്രയിച്ച് ഇത് കുറവോ അതിലധികമോ ആകാം. മീറ്റ് – ബീഫ്, മട്ടൺ, പന്നിയിറച്ചി; മാംസം – കോഴി, ടർക്കി, താറാവ്; മത്സ്യവും കടൽ വിഭവങ്ങളും –






ചെമ്മീൻ, ഞണ്ട്, ലോബ്സ്റ്റർ, കക്ക, മുട്ട, പാലുൽപന്നങ്ങൾ - പാല്, തൈര്, ചീസ്; നട്സ് - ബദാം, വാൽനട്ട്, കശുവണ്ടി; വിത്ത് - മത്തങ്ങ വിത്ത്, എള്ള്, സൂര്യകാന്തിവിത്തുകൾ, പയർ, ബീൻസ് എന്നീ ഭക്ഷണപദാർത്ഥങ്ങളിൽ പ്രോട്ടീൻ ധാരാള മായി അടങ്ങിയിരിക്കുന്നു.

സാധാരണ സ്നാക്സുകൾക്ക് പകരം ഉയർന്ന പ്രോട്ടീൻ ലഘുഭക്ഷണങ്ങളായ അണ്ടിപ്പരിപ്പ്, വറുത്ത ചെറുപയർ, നില ക്കടല. വെണ്ണ എന്നിവ കഴിക്കുക. കാർബോഹൈഡ്രേറ്റിന്റെ ഉറവിടം പ്രോട്ടീന്റെ ഉറവിടം ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുക.

പ്രോട്ടീൻ ഉപഭോഗം വർദ്ധിപ്പിക്കുമ്പോൾ കൊഴുപ്പ് കഴിക്കു ന്നത് പരിമിതപ്പെടുത്തുന്നതിന് മാംസം, കോഴി, പാലുൽപ്പന്ന ങ്ങൾ എന്നിവ തിരഞ്ഞെടുക്കുക, ഗ്രില്ലിംഗ് പോലുള്ള അധിക കൊഴുപ്പ് ചേർക്കാത്ത പാചകരീതികൾ ഉപയോഗിക്കാൻ ശ്രമി ക്കുക. സംസ്കരിച്ച മാംസങ്ങളും മറ്റ് സംസ്കരിച്ച ഭക്ഷണങ്ങളും ഒഴിവാക്കുക, കാരണം ഇവ ആരോഗ്യപരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. സാധ്യമാകുമ്പോൾ സംസ്കരിച്ച ഭക്ഷണങ്ങൾക്ക് പകരം പോഷക സമ്പുഷ്ടമായ ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുക.

**എവിഷ ആന്റണി**
അനസ്തേഷ്യ ടെക്നീഷ്യൻ

# Congratulations



കൊല്ലത്തു വച്ച് നടന്ന ഓൾ കേരള കോൺഗ്രസ് ഓഫ് ഒബ്സ്റ്ററിക്സ് ആൻഡ് ഗൈനക്കോളജിയുടെ 45-ാമത് വാർഷീക കോൺഫറൻസിൽ 2023 - 2024 വർഷത്തിലേക്കുള്ള കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്ററിക്സ് ആൻഡ് ഗൈനക്കോളജി (KFOG ) യുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. അശ്വത് കുമാറിന് ജൂബിലി കുടുബത്തിന്റെ അഭിനന്ദനങ്ങൾ.



ആലപ്പുഴയിൽ വച്ച് നടന്ന ഓൾ കേരള ഓർത്തോ പീഡിക് അസോസിയേഷൻ (KOACON) ന്റെ 42 -ാമത് വാർഷീക കോൺഫറൻസിൽ 2023-2024 വർഷത്തിലേക്കുള്ള കേരള ഓർത്തോ പീഡിക് അസോസിയേഷന്റെ ഐ ടി സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഓർത്തോപീഡിക് വിഭാഗത്തിലെ അസ്സി. പ്രൊഫസർ ഡോ. കുരിയൻ ആലപ്പാട്ടിന് ജൂബിലി കുടുബത്തിന്റെ അഭിനന്ദനങ്ങൾ.



അമൃതസറിൽ വച്ച് നടന്ന നാഷണൽ കോൺഫെറൻസ് ഓഫ് ഇന്ത്യൻ റേഡിയോളോജിക്കൽ & ഇമേജിങ് അസോസിയേഷനിൽ (IRIA) വച്ച് പ്രസിഡന്റ് അപ്പ്രീസിയേഷൻ അവാർഡ് നേടിയ പ്രൊഫസർ & ഹെഡ് ഓഫ് റേഡിയോഡയഗ്നോസിസ് ഡോ. എം. ആർ ബാലചന്ദ്രൻ നായർക്കു ജൂബിലി കുടുബത്തിന്റെ അഭിനന്ദനങ്ങൾ.



അമിറ്റി യൂണിവേഴ്സിറ്റിയിൽനിന്നും എം. എസ്. സി. മെഡിക്കൽ ലാബ് ടെക്നോളജിയിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും കരസ്ഥമാക്കിയ ലബോറട്ടറിയിലെ സി. ലിനസ് ക്രിസ്റ്റോയ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

# Congratulations



ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി ദേശീയ തല പരീക്ഷയിൽ ഒന്നാം റാങ്കും, രണ്ടാം റാങ്കും കരസ്ഥമാക്കിയ



പ്രത്യുഷ ടി. പി., ഡെൽന ഡേവിസ് എന്നിവർക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



# ബെസ്റ്റ് പോസ്റ്റർ അവാർഡ്

ജൂബിലി ഗവേഷണ കേന്ദ്രത്തിലെ ഡോ. രമ്യ ചന്ദ്രന് കൊച്ചിൻ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച പ്രൊഫ. ജി. എൻ. രാമചന്ദ്രൻ ജൻമശതാബ്ദി ദേശീയ സിമ്പോസിയത്തിൽ ബെസ്റ്റ് പോസ്റ്റർ അവാർഡ് ലഭിച്ചു. മറവിരോഗത്തിന്റെ ചികിൽസാ ഉപയോഗത്തിനായി പുതിയ തൻമാത്രകൾ സ്ട്രക്ച്ചറൽ ബയോളജി സാങ്കേതിക വിദ്യ വഴി വികസിപ്പിക്കുന്നതാണ് പഠനവിഷയം. ഫെബ്രുവരി 21-22 തിയ്യതികളിലാണ് കുസാറ്റിലെ ബയോടെക്നോളജി വിഭാഗം സ്ട്രക്ച്ചറൽ ബയോളജിയിൽ ദ്വിദിന സിമ്പോസിയം സംഘടിപ്പിച്ചത്. ജൂബിലി ഗവേഷണ കേന്ദ്രത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ പോസ്റ്റ് ഡോക്ടറൽ അസോസിയേറ്റ് ആണ് ഡോ. രമ്യ.



**ജൂബിലി മിഷൻ ആശുപത്രിയിൽ**
**39 വർഷക്കാലം സേവനം ചെയ്ത**
**ഈനാശു സി. ജെ. യ്ക്ക്**
**(നഴ്സിംഗ് അസിസ്റ്റന്റ് സ്പെഷൽ ഗ്രേഡ്)**
**ജൂബിലി കുടുംബത്തിന്റെ ഓരായിരം നന്ദി.**




## ജൂബിലി അഗാപ്പെ

# സ്നേഹത്തോടെ നിങ്ങൾക്കും നൽകാം....

സ്നേഹത്തോടെ ആഹാരം വിളമ്പുക എന്ന ലക്ഷ്യത്തോടെ ജൂബിലി മിഷൻ ആശുപത്രിയുടെ ആരംഭകാലം തൊട്ടേ പാവപ്പെട്ട രോഗികൾക്കായി സൗജന്യമായി ഭക്ഷണം നൽകിവന്നിരുന്നു. പുത്തൻപള്ളിയിലെ ഹെൽത്ത് കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആണ് ആദ്യകാലങ്ങളിൽ ഉച്ചക്ക് രോഗികൾക്കായി ഭക്ഷണം നൽകിയിരുന്നത്. അവരുടെ അടുക്കളയിൽനിന്ന് പാചകം ചെയ്തുകൊണ്ട് വന്ന് ഇവിടത്തെ രോഗികൾക്കായി ഉച്ചക്ക് ഭക്ഷണം നൽകി വന്നിരുന്നു. വൈകുന്നേരങ്ങളിലെ കഞ്ഞി ജോസഫ് നാമധാരികളുടെ ഒരു കൂട്ടായ്മയുടെ നേതൃത്വത്തിൽ ആണ് നല്കിയിരുന്നത്. വൈകുന്നേരത്തെ കഞ്ഞി ശ്രീ. മണിക്കുന്നേൽ ജോസഫിന്റെ നേതൃത്വത്തിൽ അദ്ദേഹം നേരിട്ടെത്തി രോഗികൾക്ക് വിതരണം ചെയ്തിരുന്നു.

2019 ഡിസംബർ ഇരുപത്തഞ്ചോടുകൂടിയാണ് ജൂബിലി സെൻട്രൽ കിച്ചണിൽനിന്ന് രോഗികൾക്കായുള്ള ഭക്ഷണം നേരിട്ട് വിതരണം ചെയ്തു തുടങ്ങിയത്. ഉച്ചക്ക് 12 മണി മുതൽ 12.30 വരെ ആണ് ഉച്ചഭക്ഷണം നൽകുന്നത്. ചോറും സാമ്പാറും





കറിയും അച്ചാറുമാണ് വിഭവങ്ങൾ. വൈകീട്ട് 5 മണി മുതൽ 5.15 വരെയാണ് കഞ്ഞി വിതരണം ചെയ്യുന്നത്. സൗജന്യ ഭക്ഷണത്തിനായുള്ള അർഹത ഉള്ളരോഗികളെ തിരഞ്ഞെടുക്കുന്നത് വാർഡ് ഇൻചാർജുമാരാണ്. ഉച്ചഭക്ഷണത്തിനായി പിങ്ക് നിറത്തിലും വൈകുന്നേരത്തെ ഭക്ഷണത്തിനായി വെള്ള നിറത്തിലുള്ള കൂപ്പണുമാണ് നല്കുന്നത്. ഈ കൂപ്പണുമായി എത്തുന്നവർക്കാണ് സൗജന്യ ഭക്ഷണം. ജൂബിലി അഗാപ്പെ എന്ന പേരിൽ ഈ അന്നദാന പദ്ധതി ആരംഭിച്ചത് 2021 ഫെബ്രുവരിയിലാണ്.

പുത്തൻപള്ളിയിലെ ഹെൽത്ത് കെയർ സൊസൈറ്റിയുടെയും ജൂബിലിയിലെ സ്റ്റാഫുകളുടെയും ചില രോഗികളുടെയും ജീവകാരുണ്യ പ്രവർത്തകരുടെയും സാമ്പത്തിക സഹായം ഈ പദ്ധതിക്കു പിന്നിലുണ്ട്. ഉച്ചഭക്ഷണത്തിനു 2500 രൂപയും വൈകീട്ടത്തെ കഞ്ഞിക്കു 2000 രൂപയുമാണ് സ്പോൺസർമാരിൽ നിന്നും ഈടാക്കുന്നത്. സ്പോൺസർമാരുടെ നിർദേശപ്രകാരം ഇറച്ചി, മീൻ, മുട്ട, പായസം എന്നീ സ്പെഷ്യൽ വിഭവങ്ങളും രോഗികൾക്കു നൽകാറുണ്ട്. വിഭവങ്ങൾക്കനുസരിച്ച് നിരക്കിലും വ്യത്യാസം വരും. വീട്ടിൽ ഉണ്ടാകുന്ന വിശേഷ ദിവസങ്ങൾ, പിറന്നാൾ, കാര്യസാധ്യത്തിന്റെ സന്തോഷം എന്നിങ്ങനെ പല നിയോഗങ്ങൾ വച്ച് ഭക്ഷണം സ്പോൺസർ ചെയ്യുന്നവരുണ്ട്. പല സുമനസുകളുടെയും സഹായത്തോടെ വർഷങ്ങളായി ഈ അന്നദാന പദ്ധതി വളരെ ഭംഗിയായി ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നുവരുന്നു. സ്നേഹത്തോടെ ആഹാരം വിളമ്പിക്കൊണ്ടിരിക്കുന്നു.

# Welcome to Jubilee Family

WELCOME TO JUBILEE FAMILY

| | |
|---|---|
| Dr. Dipin K R | Surgical Oncology |
| Dr. Honey Ann Benny | Emergency Medicine |
| Dr. Jeffy Joy K | Paediatrics |
| Dr. Jereen M Peter | Radiology |
| Dr. Gopika S G | PMR |
| Ms. Angel Rose Johny | Pharmacy |
| Ms. Solja James | Pharmacy |
| Ms. Nintu Antony | Pharmacy |
| Ms. Aleesha Antu | Pharmacy |
| Ms. Jiya Johnson | Pharmacy |
| Ms. Aleena Joju | Anaesthesia |
| Ms. Bisni V A | Anaesthesia |
| Mr. Albin Babu | Anaesthesia |
| Ms. Sona Mariya C E | Anaesthesia |
| Mr. Sanjo | Anaesthesia |
| Mrs. Ancy Wilson | Medical Records |
| Mrs. Sandhya Sahajan | Medical Records |
| Mrs. Libiya Lowrence | Medical Records |
| Ms. Mariya Joy | JHB Echo/TMT |
| Mrs. Nisha Robin | Auxiliary Nursing |
| Mrs. Anu O T | Auxiliary Nursing |
| Mrs. Anu T A | Auxiliary Nursing |
| Mrs. Varsha Sandeep | Auxiliary Nursing |
| Mr. Lijo Joy | Auxiliary Nursing |
| Mrs. Shany Paul | Auxiliary Nursing |
| Mr. Lijo Joy | Auxiliary Nursing |

## NURSING

Mrs. Riya Paulson
Ms. Evena John
Ms. Saranya M S
Ms. Stemi James
Mrs. Jomol K J
Ms. Fremin Theresa P R
Ms. Elezabeth Sebastian
Mrs. Sini Vijayan
Ms. Amitha V Joy
Ms. Reeja T P
Ms. Sandra C S
Ms. Jesmy Reji
Ms. Himamol Binoy




എന്റെ അമ്മ ഒരുപാട് ആരോഗ്യ പ്രശ്നങ്ങളുമായാണ് ജൂബിലി ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയത്. ശ്വാസകോശത്തിനും ഹൃദയത്തിനുമായിരുന്നു പ്രധാന പ്രശ്നങ്ങൾ. പൾസ് റേറ്റ് കുറയുന്നതാണ് കൂടുതൽ അപകടകരമായിരുന്നത്. പേസ് മേക്കർ വയ്ക്കണം എന്ന് ഡോക്ടർ നിർദേശിച്ചു. പക്ഷേ ആദ്യമായാണ് പേസ് മേക്കർ എന്ന വാക്ക് ഞങ്ങൾ കേൾക്കുന്നത്. ആ സമയത്ത് ആണ് ഡോക്ടർ ഞങ്ങളെ വിളിച്ചു സംസാരിക്കുന്നത്. പേസ് മേക്കർ എന്താണെന്നും എന്തിനാണെന്നും ആ സർജറിയെ പറ്റിയും ഡോക്ടർ വിശദമായി പറഞ്ഞു തന്നു. അമ്മ സർജറിക്ക് വിധേയയായി കുറച്ചു ദിവസം ICUവിൽ ഉണ്ടായിരുന്നു.

**Together,**
**We are the**
**Patient Experience !**

അമ്മയുടെ പുരോഗതികൾ ഒരു മടിയും കൂടാതെ നഴ്സുമാരും ഡോക്ടറും അറിയിച്ചിരുന്നു. വളരെ സൗമ്യമായും ചിരിക്കുന്ന മുഖവുമായാണ് ഇവിടുത്തെ സ്റ്റാഫുകൾ ഞങ്ങളോട് പെരുമാറിയത്. ഡോക്ടറും അമ്മ എന്ന് തന്നെ ആണ് ഞങ്ങളുടെ അമ്മയെ വിളിച്ചിരുന്നത്.

ഒത്തിരി സന്തോഷത്തോടു കൂടി ആണ് ഞങ്ങൾ ആശുപത്രി വിട്ടത്. കാർഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോ. ബിനോ ബെഞ്ചമിനും സ്റ്റാഫുകൾക്കും പ്രത്യേകം നന്ദി രേഖപെടുത്തുന്നു.

**രോഗിയുടെ മകൻ**



# ലോക വിവാഹദിനം ലക്ഷ്യവും ഉദ്ദേശ്യവും

ദാമ്പത്യം കൂടുതൽ മികച്ചതാക്കാൻ ദമ്പതികളെ സഹായിക്കാൻ ലക്ഷ്യമിട്ടുള്ള വേൾഡ് വൈഡ് മാര്യേജ് എൻകൗണ്ടറിന്റെ സംഭാവനയാണ് ലോക വിവാഹദിനം. 1983-ൽ ആരംഭിച്ച ലോകവിവാഹദിനം ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ച രാജ്യത്തുടനീളം ആഘോഷിക്കുന്നു. വിവാഹത്തിന്റെ സൗന്ദര്യവും പവിത്രതയും ഉയർത്തിക്കാട്ടുക, ഭാര്യാഭർത്താക്കന്മാരുടെ വിശ്വസ്തതയും ത്യാഗവും ബഹുമാനിക്കുക എന്നതാണ് ലോകവിവാഹദിനത്തിന്റെ ലക്ഷ്യം. സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിന്റെ അടിത്തറയെന്ന നിലയിൽ ഭാര്യാഭർത്താക്കന്മാരെ ബഹുമാനിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

ചരിത്രത്തിലുടനീളം, വിവാഹത്തിന്റെ നിർവ്വചനം വമ്പിച്ച പരിണാമത്തിന് വിധേയമായിട്ടുണ്ട്. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം വിവാഹജീവിതം രണ്ട് വ്യക്തികളുടെ ഐക്യത്തേക്കാൾ കൂടുതലാണ അത് മാനവികതയുടെ അടിത്തറയും നാഗരികതയുടെ കളിത്തൊട്ടിലുമാണ്. വിവാഹജീവിതം സന്തോഷത്തോടും വിശ്വാസത്തോടും മുന്നോട്ടു കൊണ്ടുപോകുന്നതിനും കുടുംബജീവിതത്തിന് തങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ മുൻഗണന നൽകാനും ഈ ദിനം സമൂഹത്തെ പ്രേരിപ്പിക്കുന്നു.

ആധുനിക സമൂഹത്തിലെ കുടുംബ മൂല്യങ്ങളുടെ അപചയത്തിലേക്ക് ലോക വിവാഹ ദിനത്തിലൂടെ പ്രത്യേക വെളിച്ചം വീശുന്നു. വിവാഹിതരായ ദമ്പതികളെ ഓരോ ചുവടിലും അനു



ഗമിക്കാനും സഭയുടെ വിശുദ്ധ ജീവിതത്തിലേക്ക് അവരെ പ്രേരിപ്പിക്കാനും ഈ ദിവസം ആഹ്വാനം ചെയ്യുന്നു.

1981–ൽ ലൂസിയാനയിലെ ബാറ്റൺ റൂജിലെ വിവാഹിതരായ ദമ്പതികൾ നഗരത്തിന്റെ മേയറോടും സംസ്ഥാന ഗവർണറോടും സഭയുടെ ബിഷപ്പിനോടും ഞങ്ങൾ വിശ്വസിക്കുന്നതുപോലെ ഫെബ്രുവരി 14 (സെന്റ് വാലന്റൈൻസ് ഡേ) പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടതോടെയാണ് ലോക വിവാഹ ദിനത്തിന്റെ ഉത്ഭവം. വിവാഹദിനം ആഘോഷിക്കുക എന്ന ആശയം പിന്നീട് വേൾഡ് വൈഡ് മാര്യേജ് എൻകൗണ്ടറിന്റെ ദേശീയ നേതൃത്വം അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ലോകവിവാഹദിനത്തിന്റെ ചിഹ്നമായി ഉപയോഗിക്കുന്നത് രണ്ടു ആളുകളെ ഹൃദയവുമായി ചേർത്തുവച്ചിരിക്കുന്നതാണ്. വിവാഹത്തിന്റെ പ്രണയം പലപ്പോഴും ലോകത്തിലേക്കു വെളിച്ചം കൊണ്ടുവരാൻ സഹായിക്കുന്നുവെന്ന് കാണിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ ചിഹ്നം ദമ്പതികളെ ഹൃദയത്തോട് ചേർക്കുന്നു. മറ്റുള്ളവർക്ക് ജീവിതവും പ്രചോദനവും നൽകാൻ കഴിയുന്ന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ശക്തിയെ പ്രതിനിധീകരിക്കുന്നു.




ജീവിതകാലം മുഴുവൻ പരസ്പരം സ്നേഹിക്കുകയും പിന്തുണയ്ക്കുകയും പരിപാലിക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്യുന്ന രണ്ടു വ്യക്തികൾ തമ്മിലുള്ള അതുല്യമായ ബന്ധമാണ് വിവാഹം. ഇത് സ്നേഹത്തിന്റെയും പ്രതിബദ്ധതയുടെയും ആഘോഷമാണ്, സമൂഹത്തിലെ സ്ഥിരതയുടെയും സുരക്ഷിതത്വത്തിന്റെയും പ്രതീകമാണ് ശക്തമായ ദാമ്പത്യം. ചുരുക്കിപറഞ്ഞാൽ, ലോകവിവാഹദിനം ദാമ്പത്യജീവിതത്തിലെ സന്തോഷങ്ങളും വെല്ലുവിളികളും ആഘോഷിക്കാനും അത് ശക്തിപ്പെടുത്താനുമുള്ള അവസരമാണ്.

**നിർമല ജോർജ്**
സെൻട്രൽ ലൈബ്രേറിയൻ



# ആയുരാരോഗ്യത്തിന് ആയുർവേദം

പ്രാചീന ഭാരതീയ ശാസ്ത്ര ചിന്തയുടെ അമൂല്യ സംഭാവനയാണ് ആയുർവേദ ശാസ്ത്രം. ഭാരതത്തിൽ ആയിരക്കണക്കിന് സംവത്സരങ്ങൾക്ക് മുമ്പ് അനവധിയായ പരീക്ഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട വൈദ്യശാസ്ത്രമാണ് ആയുർവേദം. യുക്തിഭദ്രവും ശാസ്ത്രീയവുമായ അടിത്തറയിലാണ് ആയുർവേദം രൂപം കൊണ്ടിട്ടുള്ളത്. ശാസ്ത്ര സാങ്കേതികവിദ്യ അഭിവൃദ്ധി പ്രാപിച്ച ഈ ആധുനിക യുഗത്തിലും ആയുർവേദം തലയുയർത്തി നിൽക്കുന്നു എന്നത് ഭാരതത്തിന് പ്രത്യേകിച്ച് കേരളത്തിന് അഭിമാനിക്കാൻ കഴിയുന്ന വസ്തുതയാണ്.

പ്രാചീന ഭാരതീയ ദർശനങ്ങളായ സാംഖ്യം, ന്യായം, വൈശേഷികം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നീ തത്വചിന്തകളിൽ ഊന്നിനിന്നു കൊണ്ടുതന്നെയാണ് ആയുർവേദ ശാസ്ത്രവും ഗണിത ശാസ്ത്രവും വാനനിരീക്ഷണ

ശാസ്ത്രവും ഉൾപ്പെടെയുള്ള ഭാരതീയ ശാസ്ത്രങ്ങൾ എല്ലാം വളർന്നുവന്നിട്ടുള്ളത്. തികച്ചും ഭൗതികമായ പ്രപഞ്ചവീക്ഷണത്തിലും പ്രത്യക്ഷം. അനുമാനം, ആപ്തോപദേശം തുടങ്ങിയ പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുമാണ് ആയുർവേദം മനുഷ്യശരീരത്തെ അപഗ്രഥിച്ച് നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. അതുകൊണ്ടുതന്നെ ആധുനിക കാലഘട്ടത്തിന്റെ സ്വഭാവ സവിശേഷതകളെ യുക്തിഭദ്രമായി വ്യാഖ്യാനിക്കുന്നതിന് ആയുർവേദത്തിന് സാധിക്കുന്നു.

ആധുനിക ശീലങ്ങളുടെ ഉല്പന്നമാണ് ജീവിതശൈലീ രോഗങ്ങൾ. ആഹാരശീലങ്ങളിലും ശാരീരക അദ്ധ്വാനത്തിന്റെ നിലവാരത്തിലും സംഭവിക്കുന്ന തകരാറുകളാണ് ജീവിതശൈലി രോഗങ്ങൾക്കു കാരണം. അനാരോഗ്യകരങ്ങളായ ജീവിതരീതികൾ ഇന്ന് വ്യാപകമാണ്. അത് ജീവിതശൈലീ രോഗങ്ങൾക്ക് നിഷ്പ്രയാസം വഴി ഒരുക്കുന്നു.



ജീവിതശൈലി എങ്ങനെ ചിട്ടപ്പെടുത്തണമെന്ന് ആയുർവേദം വിശദമായി പ്രതിപാദിക്കുന്നു. രോഗങ്ങൾ ചികിത്സിച്ചു ഭേദമാക്കുക എന്നത് പ്രാധാന്യമുള്ള കാര്യമാണെങ്കിലും രോഗങ്ങൾ പിടിപെടാതിരിക്കുവാൻ എങ്ങിനെ ജീവിതചര്യ ചിട്ടപ്പെടുത്തി ശീലിക്കണമെന്നതിന് ആയുർവേദം പ്രഥമസ്ഥാനം നല്കിയിരിക്കുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം ദിനരാത്രങ്ങൾ അടങ്ങുന്ന ഓരോ ദിവസവും എന്തൊക്കെ ശീലിക്കണം, മാറിമാറി വരുന്ന ഋതുക്കളിൽ എങ്ങിനെ ആഹാര, ദിനരാത്രിചര്യകൾ എങ്ങനെ ക്രമീകരിക്കണം തുടങ്ങി സ്വാസ്ഥ്യ

വിധികൾക്ക് വ്യക്തവും വിശദവുമായ വിവരണമാണ് ആയുർവേദം നൽകിയിരിക്കുന്നത്. ആയുർവേദം പ്രാഥമികമായും ശരിയായ ജീവിതശൈലിയുടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള ശാസ്ത്രീയ ചികിത്സാ പദ്ധതിയാണ്.

രാവിലെ ഉറക്കമുണരുന്നതു മുതൽ രാത്രി ഉറങ്ങുന്നതു വരെയും ഉള്ള ദിനചര്യയും ഓരോ ഋതുക്കളിലും വ്യക്തിപര




മായും സാമൂഹികമായും അനുവർത്തിക്കേണ്ട ഋതുചര്യയും സ്വസ്ഥവൃത്ത പ്രകരണത്തിലൂടെ ആയുർവേദം നിർദ്ദേശിക്കുന്നു. ആരോഗ്യകരമായ ജീവിതത്തിന് വേണ്ട ആഹാരരീതി, ആഹാര ദ്രവ്യങ്ങൾ, ഭക്ഷണക്രമം മുതലായവ ശാസ്ത്രീയമായി പ്രതിപാദിക്കുന്നു. ജീവിതശൈലീ രോഗ പ്രതിരോധത്തിനും പരിഹാരത്തിനും രോഗപ്രതിരോധശേഷി ആർജ്ജിക്കുക വഴി പകർച്ചവ്യാധികളെ അകറ്റിനിർത്തുന്നതിനും തികച്ചും തദ്ദേശിയവും ചെലവു കുറഞ്ഞതുമായ മാർഗങ്ങൾ അവലംബിക്കുന്നതിനാൽ ആയുർവേദത്തിന്റെ പ്രസക്തി വളരെ വലുതാണ്.

**സി. നിർലീന സി. എസ്. സി.**
**കൺസൾട്ടന്റ്**
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


അമ്മയെ
മഹത്വപ്പെടുത്തുന്നവൻ
നിക്ഷേപം
കൂട്ടിവയ്ക്കുന്നു.
പ്രഭാ. 3:4
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE